പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2680 | 27-01-2014-ൽ മറുപടിക്ക്

**ജിക്കാ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്.<br>ശ്രീ. എ.റ്റി. ജോർജ്ജ്.<br>ശ്രീ. ഹൈബി ഈഡൻ.<br>ശ്രീ. വി.പി. സജീന്ദ്രൻ. | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജിക്കാ പദ്ധതികൾ കമ്മീഷൻ ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) തിരുവനന്തപുരം, മീനാട്, ചേർത്തല, കോഴിക്കോട്, പട്ടുവം എന്നീ 5 പദ്ധതികളാണ് ജൈക്ക് പദ്ധതിയിൽ ഉൾ പ്പെട്ടിട്ടുള്ളത്. ഇവയിൽ ചേർത്തല പദ്ധതിയുടെ പണികൾ 01.6.2012-ൽ പൂർത്തിയാക്കി. തിരുവനന്തപുരം പദ്ധതി 18.5.2010-ലും മീനാട് പദ്ധതി 24.02.2011-ലും പട്ടുവം പദ്ധതി 14.3.2013 -ലും ഭാഗികമായും കമ്മീഷൻ ചെയ്തിട്ടുണ്ടെങ്കിലും അവയിലെ വിതരണ ശൃംഖലയുടെ പണികൾ ഇനിയും അവശേഷിക്കുന്നു. ഇൻ ടേക്ക് വെല്ലിന്റെയും ട്രാൻസ്മിഷൻ മെയിനിന്റെയും പണികൾ പൂർത്തിയായാൽ കോഴിക്കോട് പദ്ധതി കമ്മീഷൻ ചെയ്യാനാകും. തിരുവനന്തപുരം, കോഴിക്കോട് എന്നീ പദ്ധതികളിലെ നിലവിലുള്ള സംവിധാനങ്ങളുടെ റീഹാബിലിറ്റേഷൻ പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br>തിരുവനന്തപുരം, മീനാട് പദ്ധതികൾ 2014 ഡിസംബറിലും പൂർത്തീകരിക്കുന്നാണ് ലക്ഷ്യമിടുന്നത്. കോഴിക്കോട് പദ്ധതിയുടെ വിതരണ ശൃംഖലയുടെ അവശേഷിക്കുന്ന പണികൾ ഒഴിച്ച് മറ്റുള്ള പണികൾ 2014 മാർച്ചിലും വിതരണശൃംഖലയുടെ പൂർത്തീകരണം 2014 ഡിസംബറിലും നടത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

(ബി) ഇതനുസരിച്ച് ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം പദ്ധതികളാണ് കമ്മീഷൻ ചെയ്തത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഈ സർക്കാരിന്റെ കാലത്ത് ജൈക്ക പദ്ധതിയിൽ ഉൾപ്പെട്ട ആലപ്പുഴ ജില്ലയിലെ ചേർത്തല പദ്ധതി പൂർണ്ണമായും പട്ടുവം (കണ്ണൂർ) പദ്ധതി ഭാഗികമായും കമ്മീഷൻ ചെയ്തു.

(സി) ഇനി ഏതെല്ലാം പദ്ധതികൾ കമ്മീഷൻ ചെയ്യാനുണ്ട്; വിശദമാക്കുമോ;

(സി) പൂർണ്ണമായും കമ്മീഷൻ ചെയ്യാനുള്ള പദ്ധതികളും പൂർത്തീകരിക്കാനുദ്ദേശിക്കുന്ന തീയതിയും ചുവടെ ചേർക്കുന്നു.

| നം. | ജില്ല | പദ്ധതിയുടെ പേര് | പൂർത്തീകരിക്കാനുദ്ദേശിക്കുന്ന തീയതി |
|---|---|---|---|
| 1. | തിരുവനന്തപുരം | തിരുവനന്തപുരം | ഡിസംബർ 2014 |
| 2. | കൊല്ലം | മീനാട് | ഡിസംബർ 2014 |
| 3. | കോഴിക്കോട് | കോഴിക്കോട് | ഡിസംബർ 2014 |
| 4. | കണ്ണൂർ | പട്ടുവം | ഏപ്രിൽ 2014 |

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) വകുപ്പുമന്ത്രി തലവനായിട്ടുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി, ചീഫ് സെക്രട്ടറി തലവനായിട്ടുള്ള എംപവേർഡ് കമ്മിറ്റി എന്നിവ പുരോഗതി വിലയിരുത്തി മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു.

സെക്ഷൻ ഓഫീസർ